**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 480** **02-02-2023 - ൽ മറുപടിയ്ക്ക്**

**എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നും ആംബുലൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2021-22 വർഷത്തെ എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി പാപ്പിനിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, നാറാത്ത് ഫാമിലി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ആംബുലൻസ് വാങ്ങുന്നതിനുള്ള പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | അഴീക്കോട് നിയോജകമണ്ഡലത്തിലെ 2021-22 വർഷത്തെ എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി നാറാത്ത് ഫാമിലി ഹെൽത്ത് സെന്റർ, പാപ്പിനിശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലേയ്ക്ക് വാങ്ങിക്കുന്ന ആംബുലൻസ് (2 എണ്ണം) ആർ.ടി.ഒ കണ്ണൂർ പരിശോധന നടത്തുകയും ആയത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ തിരുവനന്തപുരം മുഖേന ആർ.ടി.ഒ. യ്ക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നമ്പർ ലഭ്യമായാൽ ഉടൻ ആംബുലൻസ് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറുന്നതാണ്. |
| (ബി) | ഹെൽത്ത് സെന്ററുകൾക്ക് ആംബുലൻസ് കൈമാറുന്നതിൽ എന്തെങ്കിലും തടസങ്ങൾ ഉണ്ടോ; വിശദാംശം നൽകാമോ? | (ബി) | എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നും വാങ്ങിക്കുന്ന ആംബുലൻസുമായി ബന്ധപ്പെട്ട ആവർത്തന ചെലവുകൾ (ഡ്രൈവറുടെ വേതനം, ഇന്ധനം, അറ്റകുറ്റപ്പണികൾ) എന്നിവ ബന്ധപ്പെട്ട സ്ഥാപനമോ, പഞ്ചായത്തോ വഹിക്കുകയാണെങ്കിൽ ആംബുലൻസ് ഹെൽത്ത് സെന്ററുകൾക്ക് കൈമാറുന്നതിന് തടസ്സമില്ല. |

സെക്ഷൻ ഓഫീസർ